പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **2508.** 18.02.2016 ന് മറുപടിയ്ക്ക്.

## അന്താരാഷ്ട്ര കൺസ്ട്രക്ഷൻ അക്കാദമി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.ശിവദാസൻ നായർ :<br>ശ്രീ. എ.റ്റി.ജോർജ്ജ് :<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :<br>ശ്രീ. പി.സി വിഷ്ണുനാഥ് : | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി) |
| (എ) അന്താരാഷ്ട്ര കൺസ്ട്രക്ഷൻ അക്കാദമിയുടെ പ്രവർത്തനത്തിന് വേണ്ടി എന്തെല്ലാം കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്; | (എ) കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസിന്റെ (KASE) എന്ന ഗവൺമെന്റ് കമ്പനിയുടെ കീഴിൽ കൺസ്ട്രക്ഷൻ മേഖലകളിൽ ഉരുത്തിരിയുന്ന തൊഴിലവസരങ്ങളെ പ്രയോജന പ്പെടുത്താൻ ശാസ്ത്രീയമായി തയ്യാറാക്കിയ പ്രത്യേക പരിശീലന പദ്ധതികളിലൂടെ തീവ്രപരിശീലനം നൽകി അതിവിദഗ്ധ തൊഴിൽ പ്രൊഫഷണലുകളെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ Indian Institute of Infrastructure and Construction (IIIC) എന്ന പേരിൽ ഒരു കൺസ്ട്രക്ഷൻ അക്കാദമി ആരംഭിക്കുന്നതിനായി കൊല്ലം ജില്ലയിലെ ചവറയിൽ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. |
| (ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; | (ബി) ആധുനിക ലോകത്ത് കൺസ്ട്രക്ഷൻ മേഖലയിൽ ആവശ്യമായ പ്രത്യേക വൈദഗ്ധ്യമുള്ള തൊഴിലാളി കളേയും, പ്രൊഫഷണലുകളേയും വാർത്തെടുക്കുകയും അവർക്ക് സ്വദേശത്തും വിദേശത്തും തൊഴിൽ ലഭ്യത ഉറപ്പുവരുത്തുകയും ചെയ്യുക എന്നതാണ് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആന്റ് കൺസ്ട്രക്ഷൻ (IIIC) എന്ന പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം. |
| (സി) ഇത് നടപ്പാക്കാൻ ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | (സി) ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആന്റ് കൺസ്ട്രക്ഷൻ (IIIC) സ്ഥാപിക്കുന്നതിലേയ്ക്കായി 04.01.2013 തീയതിയിലെ ജി.ഒ (എം.എസ്) നം. 08/2013/ആർ.ഡി പ്രകാരം കൊല്ലം ജില്ലയിലെ ചവറയിൽ 9.2 ഏക്കർ സ്ഥലം അനുവദിച്ചു. ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി 23 കോടി രൂപ അനുവദിക്കുകയും ചെയ്തു. പ്രസ്തുത തുക നിർമ്മാണ പ്രവർത്തനങ്ങൾക്കായി ചിലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ